## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 261** **25/04/2017-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനനിരീക്ഷണത്തിനായി നിയമനിർമാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, ആന്റണി ജോൺ**<br>**,, സി. കെ. ശശീന്ദ്രൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | ജീവൻ രക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രണരീതി അറിയിക്കാമോ; | **എ)** | ഔഷധങ്ങളുടെ ഉപയോഗവും ആവശ്യകതയും അനുസരിച്ച് അവയെ അവശ്യമരുന്ന് പട്ടികയിൽ (നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻസ്) ഉൾപ്പെടുത്തുന്നതിനും, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ)-യിൽ നിക്ഷിപ്തമാണ്. മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ദേശീയ ഔഷധ നയത്തിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (ഡി.പി.സി.ഒ) 2013 പ്രകാരം മാർക്കറ്റ് ബെയ്സ്ഡ് പോളിസി-യെ ആസ്പദമാക്കിയാണ് എൻ.പി.പി.എ ആവശ്യമരുന്നുകളുടെ വില നിയന്ത്രിച്ചുവരുന്നത്. ഒരു ശതമാനമോ അതിനു മുകളിലോ മാർക്കറ്റ് ഷെയർ ഉള്ള വിവിധ മരുന്നു നിർമ്മാതാക്കളുടെ മരുന്നു ബ്രാൻഡുകളുടെ ശരാശരി വില കണക്കാക്കിയാണ് മരുന്നുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) നിശ്ചയിക്കുന്നത്. അടിസ്ഥാന വിലയോടൊപ്പം അതാത് സംസ്ഥാനങ്ങളിലെ പ്രാദേശിക നികുതി കൂടി ഉൾപ്പെടുത്തി നിർമ്മാതാക്കൾക്ക് മരുന്നുകളുടെ പരമാവധി വിൽപ്പന വില (എം.ആർ.പി) നിശ്ചയിക്കാവുന്നതാണ്.<br>അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ-ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) |

നിർമ്മാതാക്കൾ അവരുടെ ഉൽപ്പന്നത്തിന്റെ വില സ്വയം നിശ്ചയിച്ചുറപ്പിച്ച് എൻ.പി.പി.എ-യുടെ അംഗീകാരം ലഭ്യമാക്കിയതിനു ശേഷം വിപണനം ചെയ്യുന്നതാണ് നിലവിലെ രീതി. ടി ഉൽപ്പന്നങ്ങളുടെ വിലയിൽ വർഷം തോറും 10% വർദ്ധനവ് നടത്താമെന്ന് ഡി.പി.സി.ഒ നിഷ്കർഷിക്കുന്നുണ്ട്.

**ബി)** സ്വകാര്യ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളിൽ നിന്ന് അവശ്യ മരുന്ന് വില നിയന്ത്രണ ലിസ്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വില തന്നെയാണോ മരുന്നുകൾക്ക് ഈടാക്കുന്നതെന്ന് പരിശോധിക്കാൻ എന്തു സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ;

**ബി)** എൻ.പി.പി.എ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുന്നില്ല എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഇത്തരത്തിൽ പരിശോധന നടത്തുകയും നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നുവെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. വില നിയന്ത്രണം മറികടന്ന് നിർമ്മാതാക്കൾ മരുന്നുകൾ വിപണിയിലിറക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നുണ്ട്. നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ വകുപ്പ് എൻ.പി.പി.എ-യെ അറിയിക്കുകയും അധികമായി ഈടാക്കിയ വില സർക്കാരിലേക്ക് കണ്ടു കെട്ടുന്നതിനുള്ള നടപടികൾ എൻ.പി.പി.എ സ്വീകരിക്കുന്നുമുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ **രണ്ടു** വർഷകാലയളവിൽ **എഴുപത്** നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻ.പി.പി.എ-യെ അറിയിച്ചിട്ടുണ്ട്. നിയമം ലംഘിച്ച് മരുന്നുകൾക്ക് അധികവില ഈടാക്കുന്ന വ്യാപാരികൾ/ സ്വകാര്യ ആശുപത്രികൾക്കെതിരെ ആവശ്യവസ്തു നിയമ പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ **രണ്ടു** വർഷകാലയളവിൽ, **അഞ്ച്** കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നിലവിലുണ്ട്.

സി) ഹൃദ്രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റ്, വില നിയന്ത്രണ പട്ടികയിൽ പെടുത്തിയതിനെ തുടർന്ന് സ്വകാര്യ ആശുപത്രികൾ ചികിത്സാ ചെലവ് ഉൾപ്പെടെയുള്ള മറ്റു ചാർജ്ജുകൾ വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ വാർത്തയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്തിയിരുന്നോ;

സി) ചികിത്സക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി, സ്റ്റെന്റിന്റെ വിലക്കുറവ് മൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപത്രികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ കൂടി പരിശോധിക്കുവാൻ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചു കൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/ നഴ്സിംഗ് ഹോമുകൾ/ ക്ലിനിക്കുകൾ എന്നിവ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊറോണറി സ്റ്റെന്റിന്റെ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നു കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ-ഉപഭോഗം ഉറപ്പുവരുത്തുന്നതിലേക്കായും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിലേക്കായും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്.കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതാണ്. കൂടാതെ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ

| | | | |
|---|---|---|---|
| | | | ഔദ്യോഗിക വെബ്സൈറ്റിലെ (WWW.NPPAINDIA.IN) ഫാർമജൻ സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺ-ലൈനായി രജിസ്റ്റർ ചെയ്യാവു-ന്നതുമാണ്. |
| **ഡി)** | സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷണ വിധേയമാക്കാനായി നിയമനിർമാണം നടത്താൻ തയ്യാറാകുമോ? | **ഡി)** | സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും മറ്റ് സ്ഥാപന-ങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കു-ന്നതിനായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**